പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2089 | 13/06/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ആംബുലൻസ് വാങ്ങുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, തഴവ പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവയ്ക്ക് ആംബുലൻസ് വാങ്ങുന്നതിന് കരുനാഗപ്പള്ളി മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിച്ചിരുന്നെങ്കിലും നാളിതുവരെ ആംബുലൻസ് വാങ്ങിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | ഉണ്ട്. കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായി 4515-00-800-96 project under LAC-ADS(NP) എന്ന ശീർഷകത്തിൽ ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പിന് മേൽ ശീർഷകത്തിൽ നിന്നും പണം പിൻവലിക്കുവാൻ സർക്കാർ ഉത്തരവ് (ആർ.റ്റി) നം 1165/16/എൽ.എസ്.ജി.ഡി തീയതി 04/03/2016 പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. ആംബുലൻസ് വാഹന നിർമ്മാണ കമ്പനിയിൽ നിന്ന് നേരിട്ട് ഡി.ജി.എസ്സ് & ഡി . റേറ്റ് വാങ്ങുവാനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഡി.ജി.എസ്സ് & ഡി . റേറ്റ് നിലവിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ജി.ഇ.എം പ്രോജക്റ്റ് ഡിസ്ക്രിപ്ഷനിൽ നിന്നും മാത്രമേ ആംബുലൻസ് വാങ്ങുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ആരോഗ്യവകുപ്പ്ഡയറക്ടറുടെ പേരിൽ ആംബുലൻസ് രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ആംബുലൻസ് വാങ്ങുന്ന തിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാല താമസമെന്താണെന്ന് വിശദീകരി ക്കാമോ; | ബി) & സി) | ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായി ജി.ഇ. എം- ൽ രജിസ്റ്റർ ചെയ്യുന്നതിന് ആശുപത്രി സൂപ്രണ്ടിനു 21/03/2019 ൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ, ന്യൂഡൽഹിയിൽ നിന്നും ഇ- മെയിൽ ഐ.ഡി ലഭിച്ചിട്ടുണ്ട്. എന്നാൽ 27/05/2019 വരെ ഇലക്ഷൻ പെരുമാറ്റ ചട്ടങ്ങൾ നിലവിൽ ഉള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമാ യിരുന്നില്ല. ജി.ഇ.എം പ്രകാരം വാഹനം വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകണമെങ്കിൽ വാഹനത്തിന്റെ വില യിലുള്ള ഡി.ഡി ഉൾപ്പെടെ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. എന്നാൽ ഫണ്ട് നിലവിൽ ചീഫ് എഞ്ചിനീയർ എൽ.എസ്.ജി.ഡി യുടെ പക്കലാണ് ഉള്ളത്. പ്രസ്തുത തുക സ്ഥാപനത്തിന്റെ പേരിൽ ലഭ്യമായെങ്കിൽ മാത്രമേ വാഹനം വാങ്ങുവാൻ കഴിയുകയുള്ളൂ. ഫണ്ട് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഡി.ഡി ലഭിക്കുന്നതനു സരിച്ച് ജി.ഇ.എം ൽ നിന്നും ഉടൻ തന്നെ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.തഴവപ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ആംബുലൻസ് വാങ്ങുന്നതിന് കരുനാഗപ്പള്ളി മുൻ എം.എൽ.എ. ശ്രീ. സി.ദിവാകരന്റെ ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | എത്രയും വേഗം ആംബുലൻസ് വാങ്ങുന്നതിന് നടപടി സ്വീകരിക്കു മോ? | | |

സെക്ഷൻ ഓഫീസർ